# വ്യതിയാന കക്ഷികളുടെ തൗഹീദ്

ഫൈസൽ മുസ്‌ലിയാർ പുതുപ്പറമ്പ്

**സമസ്തക്കാർ**

സ്വയം കഴിവുണ്ടെന്നും ഇലാഹാണെന്നുമുള്ള വിശ്വാസത്തോടെ അല്ലാഹുവല്ലാത്തവരോടുള്ള സഹായ തേട്ടങ്ങൾ മാത്രമേ ശിർക്കാവുകയുള്ളൂ. ആ വിശ്വാസമില്ലെങ്കിൽ ഭൗതിക അഭൗതിക വ്യത്യാസമില്ലാതെ ആരോടും എന്തും ചോദിക്കാവുന്നതാണ്. (സുലൈമാൻ സഖാഫി, അൽഇസ്തി ഗാസ)

മറുപടി: ഇത് പ്രമാണവിരുദ്ധമാണ്. സ്വയം കഴിവുണ്ടെന്ന ധാരണയില്ലാതെ, കൊടുത്ത കഴി വിൽനിന്നേ സഹായിക്കൂ എന്ന നിലക്ക് മക്കാ മുശ്‌രിക്കുകൾ തേടിയതിനെ ദുആ എന്നും ശിർക്ക് എന്നും ഇസ്‌ലാം പരിചയപ്പെടുത്തി.

عَنِ ابْنِ عَبَّاسٍ - رضى الله عنهما - قَالَ كَانَ الْمُشْرِكُونَ يَقُولُونَ لَبَّيْكَ لاَشَرِيكَ لَكَ - قَالَ - فَيَقُولُ رَسُولُ اللَّهِ- صلى الله عليه وسلم -وَيْلَكُمْ قَدْ قَدْ .فَيَقُولُونَ إِلاَّ شَرِيكًا هُوَ لَكَ تَمْلِكُهُ وَمَا مَلَكَ . يَقُولُونَ هَذَا وَهُمْ يَطُوفُونَ بِالْبَيْتِ .صحيح مسلم

ഇബ്നു അബ്ബാസ്(റ)ൽനിന്ന്. മുശ്‌രിക്കുകൾ (ഹജ്ജിന് തൽബിയത് ചൊല്ലുമ്പോൾ) ഇങ്ങനെ പറയുമായിരുന്നു: (അല്ലാഹുവേ) നിനക്ക് ഞങ്ങളിതാ ഉത്തരം ചെയ്തിരിക്കുന്നു. നിനക്ക് ഒരു പങ്കുകാരുമില്ല. അപ്പോൾ റസൂൽ(സ) പറയും: ''നിങ്ങൾക്കു നാശം. അത്ര മതി''. എന്നാൽ അവർ തുടർന്നു പറയും: ഒരു പങ്കുകാരനൊഴികെ, അവനാകട്ടെ ഒന്നും ഉടമപ്പെടുത്താത്തവനാണ് അവനെക്കൂടി നീയാണ് ഉടമപ്പെടുത്തിയിട്ടുള്ളത്, അവനും നിന്റേതാണ്. ഇതും പറഞ്ഞുകൊണ്ടാണ് അവർ കഅ്ബ ത്വവാഫ് ചെയ്തിരുന്നത്. (മുസ്‌ലിം)

عَنْ أَبِى وَاقِدٍ اللَّيْثِىِّ أَنَّ رَسُولَ اللَّهِ- صلى الله عليه وسلم -لَمَّا خَرَجَ إِلَى خَيْبَرَ مَرَّ بِشَجَرَةٍ لِلْمُشْرِكِينَ يُقَالُ لَهَا ذَاتُ أَنْوَاطٍ يُعَلِّقُونَ عَلَيْهَا أَسْلِحَتَهُمْ فَقَالُوا يَا رَسُولَ اللَّهِ اجْعَلْ لَنَا ذَاتَ أَنْوَاطٍ كَمَا لَهُمْ ذَاتُ أَنْوَاطٍ .فَقَالَ النَّبِىُّ- صلى الله عليه وسلم -سُبْحَانَ اللَّهِ هَذَا كَمَا قَالَ قَوْمُ مُوسَى( اجْعَلْ لَنَا إِلَهًا كَمَا لَهُمْ آلِهَةٌ )وَالَّذِى نَفْسِى بِيَدِهِ لَتَرْكَبُنَّ سُنَّةَ مَنْ كَانَ قَبْلَكُمْ - سنن الترمذى

അബൂവാകിദുല്ലൈസി(റ)ൽനിന്ന്. നബി(സ) ഖൈബറിലേക്ക് പുറപ്പെട്ടപ്പോൾ മുശ്‌രിക്കുകൾ അനുഗ്രഹത്തിനു വേണ്ടി വാൾ തൂക്കിയിടാറുണ്ടായിരുന്ന 'ദാതു അൻവാത്' എന്ന വൃക്ഷത്തിനരികിലൂടെയാണ് സഞ്ചരിച്ചത്. 'മുശ്‌രിക്കുകൾക്ക് ഒരു ദാതു അൻവാതുള്ളതുപോലെ ഞങ്ങൾക്കും ഒരു ദാതു അൻവാത് നിശ്ചയിച്ചുതരണ'മെന്നു നബി(സ)യോട് അവർ പറഞ്ഞു. നബി(സ) പറഞ്ഞു: ''സുബ്ഹാനല്ലാഹ്. ഇത് മൂസാ(അ)യോട് അദ്ദേഹത്തിന്റെ ജനത അവർക്ക് (മുശ്‌രിക്കുകൾക്ക്) കുറേ ഇലാഹുകളുള്ളതുപോലെ ഞങ്ങൾക്കും ഒരു ഇലാഹിനെ നിശ്ചയിച്ചുതരണം എന്നു പറഞ്ഞ പോലെയുണ്ടല്ലോ. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം, നിങ്ങൾക്കു മുമ്പു കഴിഞ്ഞ സമൂഹങ്ങളുടെ ചര്യകൾ നിങ്ങൾ സ്വീകരിക്കുകതന്നെ ചെയ്യും.'' (തിർമിദി)

ഇലാഹാണെന്ന, സ്വയം കഴിവുണ്ടെന്ന വിശ്വാസത്തോടെ തേടിയാൽ മാത്രമേ ശിർക്കാകൂ എന്ന വാദം കൊണ്ടുണ്ടാകുന്ന അപകടങ്ങൾ:

1) തങ്ങളുടെ ആരാധ്യൻമാർക്ക് സ്വയം കഴിവില്ലെന്നും അവർ അല്ലാഹുവിന്റെ ഉടമാവകാശത്തിൻ കീഴിലാണെന്നും വിശ്വസിച്ച മക്കയിലെ മുശ്‌രിക്കുകളുടെ വിശ്വാസത്തിൽ ശിർക്കില്ലെന്ന് സമ്മതിക്കേണ്ടി വരും.

2) മൈക്കിനോട്, സ്പീച്ചിംഗ് സ്റ്റാന്റിനോട് തേടിയാൽ ശിർക്കാകില്ലെന്ന സുലൈമാൻ സ ഖാഫിയുടെ വാദം അംഗീകരിക്കേണ്ടി വന്നു.
ഉദാ: പരപ്പനങ്ങാടി കൊടക്കാട് പ്രഭാഷണം–സുലൈമാൻ സഖാഫി മാളിയേക്കൽ

3) ഹൈന്ദവരുടെ ദൈവ വിശ്വാസത്തിൽ ഉപരിസൂചിത വ്യാഖ്യാന പ്രകാരം ശിർക്കുവരുന്നില്ലെന്ന് പറയേണ്ടിവരും.

**മടവൂർ വിഭാഗം**

2002 ആഗസ്റ്റ് 2ന് പുറത്ത് പോയവർ, അടിസ്ഥാന വിഷയങ്ങളിൽ വ്യതിയാനം വരുത്തി. ഇതിൽപ്പെട്ടതാണ്, മലക്കും ജിന്നും അഭൗതികമാണെന്നും അവരിൽ നിന്ന് കിട്ടുന്ന ഏത് സഹായവും അഭൗതികമാണെന്നും അതിനാൽ ജിന്നും മലക്കും സഹായിക്കുമെന്ന വിശ്വാസം തന്നെ ശിർക്കും കുഫ്റുമാണെന്നും മടവൂരികൾ വാദിക്കുന്നു.

സലാം സുല്ലമി എഴുതുന്നു ''മലക്കുകൾക്കും ജിന്നുകൾക്കും നമ്മെ സഹായിക്കുവാൻ സാധിക്കുമെന്ന് വല്ലവനും വിശ്വസിച്ചാൽ അവന്റെ വിശ്വാസത്തിൽ ശിർക്കും കുഫ്റും സംഭവിക്കുന്നു'' (തൗഹീദും നവയാഥാസ്ഥികരുടെ വ്യതിയാനവും: പേജ് 11)

മലക്കുകൾക്ക് മനുഷ്യനെ സഹായിക്കാൻ സാധിക്കും എന്നതും ജിന്നുകൾ അവന്റെ കൂട്ടാളികൾക്ക് തന്റെ കഴിവിൽ പെട്ട സഹായങ്ങൾ നൽകും എന്നതും പ്രമാണങ്ങളിൽ വന്നി ട്ടുണ്ടല്ലോ.

മനുഷ്യദൃഷ്ടിക്ക് ഗോചരമല്ലാത്ത സഹായോപദ്രവങ്ങളെല്ലാം അഭൗതികവും കാര്യ കാരണ ബന്ധങ്ങൾക്കതീതവുമാണെന്ന ഇവരുടെ അടിസ്ഥാന രഹിത തത്വം സ്വീകരിച്ചതിനാൽ അവർക്ക് പറയേണ്ടി വന്ന വികല വാദങ്ങൾ.

1) സിഹ്റ് ഫലിക്കില്ല. നബി(സ)ക്ക് സിഹ്റ് ഫലിച്ചിട്ടില്ല.
   http://www.youtube.com/watch?v=TxBN6ZtHFW8&feature=youtu.be
   http://www.youtube.com/watch?v=R8thkMRtSW0&feature=youtu.be

2) പിശാച് ബാധയില്ല.
   http://www.youtube.com/watch?v=aST3ZoeGqpY&feature=youtu.be

3) കണ്ണേറ് ഫലിക്കില്ല.
   https://www.youtube.com/watch?v=Gb8_tHW62Cs

4) കട്ട് കേൾവിയില്ല.

5) ജോത്സ്യന് പിശാച് വിവരങ്ങൾ നൽകുന്നില്ല.
(കാരണം ഇവയെല്ലാം പൈശാചികപ്രവർത്തനങ്ങൾ മുഖേനയാണല്ലൊ സംഭവിക്കുന്നത്. പിശാച് അഭൗതിക ജീവി ആയതിനാൽ അവർക്ക് മനുഷ്യ ജീവിതത്തിൽ ഇടപെടാൻ സാധിക്കുമെന്ന് വിശ്വ സിക്കുന്നത് ഇവരുടെ വാദപ്രകാരം ശിർക്കാണല്ലോ.)

6) കണ്ണേറ്, പിശാച് ബാധ, സിഹ്റ് എന്നിവയുടെ യാഥാർത്ഥ്യം വിവരിക്കുന്ന ഹദീസുകൾ ദുർബലവും അസ്വീകാര്യവും തൗഹീദിന് വിരുദ്ധവുമാണ്. അത് ബുഖാരിയിലായാൽ പോലും.

7) അത്തരം ആയത്തുകളും ഹദീസുകളും മജാസിയായ(ആലങ്കാരിക) പ്രയോഗങ്ങളാണ്. യഥാർത്ഥ അർത്ഥത്തിലല്ല.

ക്വുർആനിലൂടെയും ഹദീസുകളിലൂടെയും സ്ഥിരപ്പെട്ട ഈ കാര്യങ്ങളെ നിഷേധിക്കേണ്ടി വന്ന മട വൂരികളുടെ കാര്യം കഷ്ടം തന്നെ....

ഭൗതികം, അഭൗതികം, തെളിഞ്ഞവഴി, മറഞ്ഞവഴി, കാര്യകാരണ ബന്ധത്തിനതീതം, അധീനം തുടങ്ങിയ സാങ്കേതിക ശബ്ദങ്ങളിൽ സലാം സുല്ലമിക്ക് പറ്റിയ അബദ്ധമാണ് ഈ വ്യതിയാനത്തിന്റെ കാരണം. അതിനാൽ ഇത്തരം പ്രയോഗങ്ങൾ നമ്മുടെ മുൻഗാമികൾ ഏതെല്ലാം നിലക്കാണ് പ്രയോഗിച്ചത് എന്ന് നാം പഠനവിധേയമാക്കണം. ശിർക്കും തൗഹീദും വേർതിരിക്കാൻ ഈ വാക്കുകൾ ആദ്യമായി ഉപയോഗിച്ചത് സലാം സുല്ലമിയും മടവൂരികളുമല്ലല്ലോ?

വികലമായ തൗഹീദ് സ്വീകരിച്ച സുല്ലമിയും കൂട്ടരും മതത്തിൽ സ്ഥിരപ്പെട്ട പല സത്യങ്ങളെയും നിഷേധിച്ചു. തങ്ങളുടെ തൗഹീദിന്റെ സംരക്ഷണത്തിനായി പതിനാല് നൂറ്റാണ്ട് കാലം മുസ്‌ലിം ലോകത്ത് നിരാക്ഷേപമായി സ്വീകരിച്ചു പോന്ന പ്രമാണങ്ങളെ പോലും ദുർന്യായങ്ങൾ പലതും പറഞ്ഞ് നിഷേധിക്കേണ്ടി വന്നു. മാത്രമല്ല, അഹ്‌ലുസ്സുന്നയെ ഒന്നടങ്കം തൗഹീദീ വിരുദ്ധരാ ക്കുകയും ചെയ്യേണ്ടിവന്നു. ജിന്നും മലക്കും അഭൗതികമാണെന്നും അവരുടെ പ്രവർത്തനങ്ങളും സഹായങ്ങളും അഭൗതികമാണെന്നുമുള്ള സലാം സുല്ലമിയുടെ ഈ വാദം ഉന്നയിക്കുന്നവർക്കെല്ലാം ഈ ദുരവസ്ഥയിൽ എത്തിപ്പെടേണ്ടി വരും.